LIBRARY ARCHIVES Kerala Legislative Assembly

ശബരിമല ദർശനം സുഗമമാക്കുന്നതിന് നടപടി

98 (404) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനം സുഗമമാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിൽ ശബരിമല ദർശനത്തിനുള്ള ഓൺലൈൻ സംവിധാനമായ വെർച്വൽ ക്യൂ ബുക്കിംഗിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഭക്തജനങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂർ ഓപ്പറേറ്റർമാർ കൂട്ടത്തോടെ ബുക്ക് ചെയ്യുന്നതിനാൽ വെർച്വൽ ക്യൂ ലഭിക്കുന്നവരിൽ ഏറെയും ഇതര സംസ്ഥാനക്കാരാണെന്ന പരാതി പരിശോധിക്കുമോ?

(ബി&സി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പോലീസ് നിയന്ത്രണത്തിലുള്ള ബുക്കിംഗ് ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനും വെർച്വൽ ക്യൂവിന് പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

മലബാർ ദേവസ്വം നിയമം

99 (405) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവോ;